**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3789** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാർക്കുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി 2019-20 കാലയളവിൽ ഏതെല്ലാം പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് 2019-20 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് 2019-20 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; ഓരോ പദ്ധതിക്കും അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വിശദമാക്കാമോ; | (സി) | പട്ടികജാതി വികസന വകുപ്പ് 2019-20 കാലയളവിൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | മേൽകാലയളവിൽ എസ്.സി. ഫണ്ട് ലാപ്സാകുകയോ പൂർണമായും ഉപയോഗിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | 1. 2019-20 കാലയളവിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ എന്ന പദ്ധതിക്ക് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ മേൽ പദ്ധതി നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ ടി ശീർഷകത്തിൽ തുക ചെലവഴിച്ചിട്ടില്ല. 2. 2019-20 സാമ്പത്തിക വർഷം ലൈഫ് മിഷൻ പദ്ധതിക്കായി 400 കോടി രൂപ വയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ലൈഫ് മിഷൻ ആവശ്യപ്പെട്ടത് 100 കോടി രൂപ മാത്രമാണ്. പ്രസ്തുത തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നുവെങ്കിലും Ways |

| | | | |
|---|---|---|---|
| | | | & means clearanceലഭിക്കാത്തതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. 3. പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് 2019-20 സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഫെഡറേഷന് 20/07/2019 ലെ സർക്കാർ ഉത്തരവ് പ്രകാരം 1.85 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ Ways & means clearanceലഭിക്കാത്തതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൽ സാധിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് തുകയിൽ നിന്നും ടി തുക മാറി നൽകിയിട്ടുണ്ട്. 4. 2019-20 സാമ്പത്തിക വർഷം പൂൾഡ് ഫണ്ട് പ്രത്യേക പദ്ധതികൾക്കായി വിവിധ വകുപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും പര്യാപ്തമായ പ്രൊപ്പോസലുകൾ ലഭ്യമാകാത്തതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ

## 19-20 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2019-20 ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ) | 2019-20 ചെലവ് (ലക്ഷം രൂപയിൽ) |
|---|---|---|---|
| | എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ. | | |
| 1 | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ. | 5000.00 | 3171.336 |
| 2 | പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി) | 10000.00 | 1527.45 |
| 3 | സ്പിൽ ഓവർ ഭവനങ്ങളുടെയും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെയും പൂർത്തീകരണവും പഠനമുറികളുടെ നിർമ്മാണവും | 20000.00 | 13301.863 |
| 4 | പട്ടികജാതി ഉപപദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കായുള്ള പൂൾഡ് ഫണ്ട് | 100.00 | 0 |
| 5 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന് ഓഹരി മൂലധന വിഹിതം. | 200.00 | 0 |
| 6 | പൊതുമരാമത്തും കെട്ടിട പ്രവർത്തികളും | 600.00 | 1072.289 |
| 7 | ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി | 18500.00 | 16452.927 |
| 8 | പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും | 300.00 | 318.845 |
| 9 | പട്ടികജാതി യുവതികൾക്ക് വിവാഹ ധന സഹായം | 7000.00 | 6208.12 |
| 10 | വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ് | 1500.00 | 1338.346 |
| 11 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം | 15000.00 | 11210.179 |
| 12 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം - പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണ പ്രവർത്തനങ്ങൾ, | 7500.00 | 1971.58 |
| 13 | തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം | 3800.00 | 3697.364 |
| 14 | വാത്സല്യ നിധി | 1100.00 | 1099.8 |
| 15 | എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ | 500.00 | 0.00 |
| 16 | ഡോ.അംബേദ്കർ ഗ്രാമ വികസന പദ്ധതി | 10000.00 | 1270.944 |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2019-20 ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ) | 2019-20 ചെലവ് (ലക്ഷം രൂപയിൽ) |
|---|---|---|---|
| 17 | ആരോഗ്യ സംരക്ഷണ പരിപാടി | 6000.00 | 3944.131 |
| 18 | പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം | 5171.00 | 5105.814 |
| 19 | എം.ആർസ് നും ഹോസ്റ്റലുകൾക്കും കെട്ടിടം പണിയുന്നതിനായി ഭൂമി വാങ്ങുന്ന പദ്ധതി | 2500.00 | 130.002 |
| 20 | ഭവനരഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ പദ്ധതി) | 40000.00 | 0 |
| | **ബി. 100 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ.** | | |
| 1 | പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ ടു എസ്.സി.എസ്.പി) | 1500 | 356.425 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര വിഹിതം.) | 17000.00 | 16877.41 |
| 3 | പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ (100 ശതമാനം കേന്ദ്ര വിഹതം) | 20.00 | 0 |
| 4 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബുജഗജീവൻ റാം ഛത്രവാസ് യോജന (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി) | 400.00 | 91.863 |
| 5 | ഒമ്പതും പത്തും ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100 ശതമാനം കേന്ദ്ര വിഹിതം) | 2200.00 | 2200 |
| 6 | ശുചീകരണത്തിലും ആരോഗ്യശോഷണത്തിന് സാധ്യതയുള്ളതുമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് | 50.00 | 14.16 |
| 7 | പ്രധാൻമന്ത്രി ആദർശ് ഗ്രാമം യോജന (പി.എം.എ.ജി.വൈ) | 15.00 | 0.155 |
| | **സി. മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | |
| 1 | ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം കേന്ദ്ര വിഹിതം) | 250.00 | 39.38 |
| 2 | പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50 ശതമാനം സംസ്ഥാന വിഹിതം-) | 1000.00 | 919.11 |
| | | 250.00 | 161.4 |
| | **സി. മറ്റു വകുപ്പുകൾ/എസ്.സി എസ്.റ്റി കോർപറേഷൻ മുഖേന നിർവ്വഹണം നടത്തുന്ന പദ്ധതികൾ** | | |
| 1 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2500.00 | 2353.49 |

| നമ്പർ | പദ്ധതിയുടെ പേര് | 2019-20 ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ) | 2019-20 ചെലവ് (ലക്ഷം രൂപയിൽ) |
|---|---|---|---|
| 2 | പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50 ശതമാനം സംസ്ഥാന വിഹിതം) | 1000.00 | 919.11 |
| | | 250.00 | 161.4 |
| 3 | പ്രധാൻമന്ത്രി ആവാസ് യോജന-ഗ്രാമീൺ-(പി.എം.എ.വൈ-എസ്.സി.എസ്.പി)(60 ശതമാനം കേന്ദ്ര വിഹിതം) | 5947.00 | 480.48 |
| 4 | ദീൻദയാൽ അന്ത്യോദയ് യോജന (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) (60 ശതമാനം കേന്ദ്രവിഹിതം) | 9375.00 | 2297.7 |